Veterinary Dispensary.

335. [23] **Shri N. Parameswaran Pillai:** Will the Minister for Health be pleased to state:

(*a*) Is it a fact that the Veterinary Dispensary at Changanacherry is absolutely in adequate for the needs of the place;

(*b*) Will the Government raise it to a Veterinary Hospital?

Answer.

(*a*) No.

(*b*) This will also be considered when the question of opening new Veterinary hospitals is taken up.

ആസ്പത്രികൾ.

336. [26] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെങ്കിലും ആസ്പത്രികൾ ഒന്നാംഗ്രേഡായി ഉയർത്തിയിട്ടുണ്ടോ:

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) കായംകുളം ആസ്പത്രി ഒന്നാംഗ്രേഡാക്കുന്നതിന് വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

ഉത്തരം.

(എ) ഉണ്ട്.

(b) The four Dist. Hospitals, the Perurkada Hospital, S. A. T. Hospital, College Hospital, Women & Children Hospitals at Trivandrum, Alleppey, Quilon and Trichur.

(സി) കായംകുളം ആസ്പത്രി വിപുലമാക്കുന്നതിനാവശ്യമായ സ്ഥലം സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനു വേണ്ട നടപടി നടത്തി വരികയാണ്.

UNSTARRED QUESTIONS POSTED FOR ANSWER ON 15-4-1955.

കോട്ടക്കൽ ആസ്പത്രി.

337. [1] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ നിയോജകമണ്ഡലാതിർത്തിയിലുള്ള കോട്ടക്കൽ ആസ്പത്രിയുടെ ഇപ്പോഴത്തെ പ്രവർത്തനത്തെക്കുറിച്ച് ഗവണ്മെന്റിന് എന്തെങ്കിലും അറിവുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനം ഇപ്പോൾ പ്രവർത്തനരഹിതമാണെങ്കിൽ അത് എന്നുമുതൽക്കാണെന്നും, അതിനുള്ള കാരണങ്ങളെന്തെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ആസ്പത്രിയ്ക്കു വേണ്ട സ്ഥലവും, ഉപകരണങ്ങളും കെട്ടിടങ്ങളും ഗവണ്മെന്റിന് എന്ന് എങ്ങിനെ ലഭിച്ചു;

(ഡി) അവയ്ക്ക് മൊത്തം എന്തു വിലവരും;

LIBRARY ARCHIVES Kerala Legislative Assembly